**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1682** **08-02-2023 - ൽ മറുപടിയ്ക്ക്**

**ഉന്നതവിദ്യാഭ്യാസ മേഖലയെ ലോകോത്തരമാക്കി ഉയർത്തുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി കെ. കെ. ശൈലജ ടീച്ചർ ,<br>ശ്രീ. കെ.എം.സച്ചിൻദേവ്,<br>ശ്രീ വി കെ പ്രശാന്ത്,<br>ശ്രീ. കെ. പ്രേംകുമാർ** | | **ഡോ. ആർ ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തെ ഉന്നതവിദ്യാഭ്യാസ മേഖലയെ ലോകോത്തരമാക്കി ഉയർത്തുകയെന്ന പ്രഖ്യാപിത ലക്ഷ്യത്തിനനുസൃതമായി പാഠ്യപദ്ധതി സമഗ്രമായി പരിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഇതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ; | (എ) | യു.ജി.പ്രോഗ്രാമുകളുടെ കരിക്കുലം സമഗ്രമായി പരിഷ്കരിക്കുന്നതിനാവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങൾ രൂപീകരിക്കുന്നതിനും ഒരു മാതൃക കരിക്കുലം ഫ്രെയിംവർക്ക് രൂപീകരിക്കുന്നതിനുമായി ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിൽ മുൻ വൈസ് പ്രസിഡന്റ് പ്രൊഫ. സുരേഷ് ദാസ് അദ്ധ്യക്ഷനായി കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കരിക്കുലം കമ്മറ്റി (Kerala State Curriculum Committee for Higher Education) രൂപീകരിച്ചിട്ടുണ്ട്.<br><br>കരിക്കുലം പരിഷ്കരണവുമായി ബന്ധപ്പെട്ട ചർച്ചകളിലെ നിർദ്ദേശങ്ങൾ കൂടി പരിഗണിച്ചതിനു ശേഷം 2023 മാർച്ച് മാസത്തോടെ കേരള ഹയർ എഡ്യൂക്കേഷൻ കരിക്കുലം ഫ്രെയിംവർക്കിന്റെ പൂർണ്ണരൂപം സർവ്വകലാശാലകൾക്ക് ലഭ്യമാക്കുവാനാണ് ഉദ്ദേശിക്കുന്നത്. തുടർന്ന് ഈ ഫ്രെയിംവർക്കിന്റെ അടിസ്ഥാനത്തിൽ കരിക്കുലം രൂപീകരിക്കുന്നതിനും സിലബസ് പരിഷ്കരിക്കുന്നതിനുമുള്ള നടപടികൾ സർവ്വകലാശാലകൾ സ്വീകരിക്കുന്നതാണ്. |
| (ബി) | പരമ്പരാഗത കോഴ്സുകൾക്ക് പകരമായോ അതിനോടൊപ്പമോ പുതുതലമുറ കോഴ്സുകൾ ആരംഭിക്കാനുള്ള പരിപാടിയിൽ കൈവരിച്ച പുരോഗതി പരിശോധിച്ചിട്ടുണ്ടോ; | (ബി) | 05.11.2020 ലെ ജി.ഒ. (എം.എസ്.)നം.389/2020/ ഉവിവ, 30.12.2020 ലെ ജി.ഒ. (എം.എസ്.)നം.473/2020/ഉവിവ, 17.02.2021 ലെ ജി.ഒ. (എം.എസ്.)നം.112/2021/ഉവിവ, 25.02.2021 ലെ ജി.ഒ.(എം.എസ്.)നം.150/2021/ഉവിവ നമ്പർ ഉത്തരവുകൾ പ്രകാരം വിവിധ സർക്കാർ, എയ്ഡഡ് ആർട്സ് & സയൻസ് കോളേജുകളിൽ പുതുതലമുറ കോഴ്സുകൾ അനുവദിച്ചിട്ടുണ്ട്. സർവ്വകലാശാലകളിൽ നവീനമായ കോഴ്സുകൾ പ്രോജക്ട് മോഡിൽ ആരംഭിച്ചിട്ടുണ്ട്. സ്വാശ്രയ കോളേജുകളിലും സർവ്വകലാശാലകളുടെ ശിപാർശയുടെ |

| | | | |
|---|---|---|---|
| | | | അടിസ്ഥാനത്തിൽ പുതുതലമുറ കോഴ്സുകൾ അനുവദിച്ചിട്ടുണ്ട്.<br><br>ഇത്തരത്തിൽ അനുവദിച്ച പുതുതലമുറ കോഴ്സുകളുടെ നേട്ടം/പുരോഗതി പരിശോധിച്ചു വരുന്നു. |
| (സി) | പരമ്പരാഗത കോഴ്സുകൾക്കുള്ള സീറ്റുകൾ ഒഴിഞ്ഞു കിടക്കുന്ന സാഹചര്യം പരിശോധിച്ച് കോഴ്സുകളിൽ ഉചിതമായ മാറ്റങ്ങൾ വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ? | (സി) | പരമ്പരാഗത കോഴ്സുകളെ കാലാനുസൃതമായി നവീകരിക്കുന്നതിനുള്ള നടപടികൾ കരിക്കുലം പരിഷ്കരണത്തിന്റെ ഭാഗമായി സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ